## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .T 6143 — 09.07.2013-ൽ മറുപടി നൽകിയത്

### ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്ത് എന്തെങ്കിലും ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ക്ഷേമപദ്ധതികൾ ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്നില്ല. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് പൊതുവായി നടപ്പിലാക്കുന്ന ചില ക്ഷേമപദ്ധതികളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 1) സമ്പാദ്യ സമാശ്വാസ പദ്ധതി<br>2) ഭവനനിർമ്മാണ പദ്ധതി<br>3) വിദ്യാഭ്യാസ ധനസഹായ പദ്ധതി<br>4) തണൽ പദ്ധതി<br>5) മത്സ്യഫെഡ് മുഖേനയുള്ള പലിശ രഹിത വായ്പാ പദ്ധതി<br>എന്നീ പദ്ധതികളാണ് പ്രധാനമായും നിലവിലുള്ളത്. |
| (സി) | ഏതെല്ലാം ആഫീസുകൾ മുഖേനയാണ് സഹായം വിതരണം ചെയ്യുന്നത്; | (സി) | ഫിഷറീസ് വകുപ്പ്, മത്സ്യഭവൻ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ ഓഫീസുകൾ മുഖേനയാണ് സഹായം വിതരണം ചെയ്യുന്നത്. |
| (ഡി) | എത്ര മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ~~പാലക്കാട് ജില്ലയിലെ കണക്ക്~~ പ്രത്യേകം ലഭ്യമാക്കുമോ ? | (ഡി) | 2011-12-ലെ സമ്പാദ്യസമാശ്വാസ പദ്ധതിയിൽ 19,120 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 2,26,79,730/- രൂപ നൽകിയിട്ടുണ്ട്. 2012-13 വർഷത്തിൽ ഭവന നിർമ്മാണ ~~ധനസഹായ പദ്ധതി പ്രകാരം 35~~ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് രണ്ട് ലക്ഷം രൂപ നിരക്കിൽ 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 5 പേർക്ക് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2011-12 ലെ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 19,120 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 2,26,79,730 രൂപ നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പ്രസ്തുത പദ്ധതിയിൽ 3,83,640 രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 35 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 5 പേർക്ക് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തണൽ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ നിന്ന് ലഭിച്ച 238 അപേക്ഷകർക്ക് 1350 രൂപ വീതം 3,21,300 രൂപ നൽകിയിട്ടുണ്ട്. പലിശരഹിത വായ്പ നൽകുന്ന പദ്ധതിയിൽ പാലക്കാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സം ഗ്രാന്റ് പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ